## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **08/08/2017-ൽ മറുപടിയ്ക്ക്**

## സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. ദാസൻ**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കറൻസി നിരോധനം നടപ്പിലാക്കി ഡിജിറ്റൽ ബാങ്കിംഗ് ഇടപാടിന് സാധാരണക്കാരെ നിർബന്ധിതരാക്കുകയും അത്തരം ഇടപാടുകൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തി ഇടപാടുകാരെ ചൂഷണം ചെയ്യുകയും സാധാരണക്കാരുടെ ആശ്രയമായ സഹകരണ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിന്നും സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന വിധത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്താനായി നടത്തിയ ഇടപെടലുകൾ അറിയിക്കുമോ; | (എ) | എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും, ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31/03/2017 നകമായി എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17 ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br><br>ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖല ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കള്ളപ്പണ ഇടപാടുകാർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്ന റിപ്പോർട്ട് ചെയ്യപ്പെട്ട പുതുതലമുറ ബാങ്കുകളിലെ ഇടപാടുകൾക്കുനേരെ കണ്ണടച്ചുകൊണ്ട് സഹകരണ സംഘങ്ങളിലെ ഇടപാടുകാരെ അകറ്റുക എന്ന ലക്ഷ്യത്തോടെ ആദായ നികുതി വകുപ്പ് നടത്തുന്ന അന്യായ ഇടപെടലുകൾ അവസാനിപ്പിക്കാൻ ആവശ്യപ്പെടുമോ; | (ബി) | 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/2013 നമ്പർ സിവിൽ അപ്പീൽ (SLP 3976/2010) തീർപ്പാക്കി 27/08/2013 ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളെ സാങ്കേതികമായി നവീകരിക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ? | (സി) | സഹകരണ മേഖലയെ നവീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച Expert Committee റിപ്പോർട്ടിന്മേൽ പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും, ഒരു ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനും, ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ഒരു കോമൺ പ്ലാറ്റ്-ഫോമിലേക്ക് കൊണ്ടുവരുന്നതിനുമുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ